പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1034. 01.03.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ കളിൽ പുതിയ കോഴ്സുകൾ

*ചോദ്യം* *ഉത്തരം*

ശ്രീ.എം. സ്വരാജ് : ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ നിലവിലുള്ള കോഴ്സുകൾക്ക് പുറമേ കാലാനുസൃതമായി മാറിയ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നതിനായി വൈദഗ്ധ്യം ഉള്ള തൊഴിലാളികളെ ലഭ്യമാക്കുന്നതിന് സഹായകമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ:

(എ) ഉണ്ട്

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ നിലവിലുള്ള ട്രേഡുകളിൽ തൊഴിൽ സാധ്യത കുറഞ്ഞതും കാ1-13 ലാനുസൃതമല്ലാത്തതുമായ ട്രേഡുകൾ നിർത്തലാക്കി ജനപ്രിയവും, തൊഴിൽ സാധ്യത കൂടിയതും, കാലാനുസൃതവുമായ ട്രേഡുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ഭാവിയിൽ തൊഴിൽ ശക്തിയുടെ ദൗർലഭ്യം ഇല്ലാതാക്കുന്നതിനും നൈപുണ്യ വൈദഗ്ധ്യമുള്ള യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി നിയമനലബ്ധ തൊഴിൽ പരിപാലന പരിപാടി (പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം) എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതിയുടെ ഭാഗമായി കാലാനുസൃതമായ തൊഴിൽ പരിശീലനങ്ങളിൽ ഷോർട്ട് ടേം ട്രെയിനിംഗുകൾ നൽകി സമൂഹത്തിലെ അസംഘടിതരും പ്രാന്തവൽക്കരിക്കപ്പെട്ടവരുമായ വിഭാഗത്തെ തൊഴിൽശേഷിയുള്ളവരുമാക്കി മാറ്റുന്നു. ടി പദ്ധതി വ്യാവസായിക പരിശീലന വകുപ്പ്, ദേശീയ എംപ്ലോയ്മെന്റ് സർവ്വീസ്, M/s KASE എന്നിവരുടെ മേൽനോട്ടത്തിൽ വ്യാവസായിക സ്ഥാപനങ്ങൾ, തൊഴിലധിഷ്ഠിത പരിശീലനദാതാക്കൾ എന്നിവരിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) എങ്കിൽ ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

(സി) മേൽപ്പറഞ്ഞ കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

[signature]
സെക്ഷൻ ഓഫീസർ